**പതിനാലാം കേരള നിയമസഭ**
**ഒമ്പതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*148** | **31.01.2018 ൽ മറുപടിയ്ക്ക്**

## കേരഗ്രാമം പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.എസ്.ശബരീനാഥൻ<br>ശ്രീ.എ.പി. അനിൽ കുമാർ<br>ശ്രീ.അനൂപ് ജേക്കബ്<br>ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ | ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |

| ചോദ്യം | മറുപടി |
|---|---|
| എ) സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന കേരഗ്രാമം പദ്ധതി വിശദമാക്കുമോ;<br><br>ബി) പ്രസ്തുത പദ്ധതി പ്രകാരം എത്ര കേരഗ്രാമങ്ങൾ ആരംഭിച്ചുവെന്നും അതിലൂടെ കേര കൃഷിക്കുണ്ടായ നേട്ടങ്ങളും വിശദീകരിക്കുമോ; | എ) & ബി) സമഗ്ര നാളികേര കൃഷി വികസനത്തിനായി ക്ലസ്റ്റർ അടിസ്ഥാനത്തിൽ കേരഗ്രാമം എന്ന സംസ്ഥാനാവിഷ്കൃത പദ്ധതി 2017-18 വർഷം സംസ്ഥാനത്ത് എല്ലാ ജില്ലകളിലും നടപ്പിലാക്കി വരുന്നു. 250 ഹെക്ടർ വീതം കേര കൃഷി വിസ്തൃതിയുള്ള 44 കേരഗ്രാമങ്ങൾ, പുതുതായി തിരഞ്ഞെടുത്ത 53 ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിലായാണ് പദ്ധതി നടപ്പിലാക്കി വരുന്നത്. സംയോജിത വിള പരിപാലന മുറകൾ സ്വീകരിച്ച് നാളികേര കൃഷി സംരക്ഷണവും അഭിവൃദ്ധിപ്പെടുത്തലുമാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഒരു കേരഗ്രമത്തിന് 75.35 ലക്ഷം രൂപയുടെ ആനുകൂല്യങ്ങൾ എന്ന തോതിൽ 3332.50 ലക്ഷം രൂപയാണ് ബഡ്ജറ്റിൽ ഈ കൊല്ലം പദ്ധതിക്കായി നീക്കിവച്ചിരിക്കുന്നത്. ശാസ്ത്രീയമായി കൃഷി ചെലവുകൾ ക്രമീകരിച്ചുകൊണ്ട് ഉല്പാദന ക്ഷമത വർദ്ധിപ്പിക്കുവാൻ ഉതകുന്ന ഘടകങ്ങൾ എല്ലാം തന്നെ സമഗ്ര നാളികേര വികസനത്തിനായുള്ള ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നിർവ്വഹണ ഘട്ടത്തിലിരിക്കുന്ന ഈ പദ്ധതി മൂലം ദീർഘവിളയായ കേരകൃഷിക്കുണ്ടായ നേട്ടങ്ങൾ വിലയിരുത്തുവാൻ കുറഞ്ഞത് 3 വർഷമെങ്കിലും എടുക്കുന്നതാണ്. |
| സി) നാളികേരത്തിന് ഉയർന്ന വില ലഭിക്കുമ്പോഴും ഉല്പാദനത്തിലുണ്ടായ ഗണ്യമായ | സി) ഉണ്ട്.<br>ഉല്പാദനം വർദ്ധിപ്പിക്കുവാൻ കേരഗ്രാമം പോലുള്ള പദ്ധതികളുടെ നടത്തിപ്പും കാർഷിക |

കറവും കൂലിച്ചെലവിലുണ്ടായ വർദ്ധനവും കേരകർഷകർക്ക് പ്രതിസന്ധി സൃഷ്ടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും കൂലിച്ചെലവ് കുറയ്ക്കുന്നതിനുമായി നൽകുന്ന സഹായങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

മേഖലയിലെ എല്ലാ കൃഷിപ്പണികൾക്കും വിദഗ്ധ തൊഴിലാളികളുടെ സേവനം ലഭ്യമാക്കുക, യന്ത്രവത്കരണത്തിലൂടെ കൃഷിപ്പണികൾ യഥാസമയം നടത്തുക, കൃഷി ചിലവുകൾ ഗണ്യമായി കുറയ്ക്കുക എന്നീ ലക്ഷ്യങ്ങളോടെ രൂപീകരിച്ചിട്ടുള്ള കാർഷിക കർമ്മസേനകൾ, അഗ്രോസർവ്വീസ് സെന്ററുകൾ എന്നീ സേവനദാതാക്കളുടെ സംഘങ്ങളുടെ സേവനം കാർഷിക മേഖലയിലെ തൊഴിലാളി പ്രശ്നത്തിന്മേൽ ഒരു പരിധിവരെ ആശ്വാസമായിട്ടുണ്ട്. ഇത്തരം സംരംഭങ്ങളുടെ പ്രവർത്തനവും, പദ്ധതികളുടെ നടത്തിപ്പും വിപുലീകരിക്കുന്നതിനും, ഊർജ്ജിതമാക്കുന്നതിനുമുള്ള നടപടികൾ തുടരുന്നതാണ്.

ഡി) നാളികേരത്തിന്റെ മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനും ഉയർന്ന വില ഉറപ്പാക്കുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

ഡി) നാളികേരത്തിന്റെ മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനും ഉയർന്ന വില ഉറപ്പാക്കുന്നതിനും വേണ്ടി ആദ്യ ഘട്ടം എന്ന നിലയിൽ കോഴിക്കോട് ജില്ലയിലും മലപ്പുറം ജില്ലയിലും കോക്കനട്ട് അഗ്രോ പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കോക്കനട്ട് പ്രൊഡ്യൂസർ കമ്പനികൾ സ്ഥാപിക്കുന്നതിന് സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യം (SFAC) മുഖേന ധനസഹായം നൽകിവരുന്നു. നീര ഉല്പാദനം വർദ്ധിപ്പിക്കുന്നതിലേക്കായി നീര ടെക്നീഷ്യൻ പരിശീലനം നൽകുന്നതിനുള്ള നടപടികൾ കേരള സ്റ്റേറ്റ് കോക്കനട്ട് ഡെവലപ്മെന്റ് കോർപ്പറേഷൻ മുഖേന നടപ്പിലാക്കി വരുന്നു. മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ഉല്പാദനം, സംസ്കരണം, വിപണനം എന്നിവയുടെ അനന്ത സാദ്ധ്യതകൾ മുന്നിൽ കണ്ടുകൊണ്ട് 2016 ൽ തിരുവനന്തപുരത്തുവച്ചും, 2017 ൽ തൃശ്ശൂർ ജില്ലയിലെ വെള്ളാണിക്കര കാർഷിക യൂണിവേഴ്സിറ്റിയുടെ കാമ്പസിൽ വച്ചും, ഡിസംബർ 27 മുതൽ 31 വരെ കാർഷിക മേഖലയിലെ വരുമാനം വർദ്ധിപ്പിക്കുന്നതിന് Value Addition for Income Generation in Agriculture (VAIGA) എന്ന പ്രോഗ്രാം കൃഷി വകുപ്പ് സംഘടിപ്പിക്കുകയുണ്ടായി. കാർഷികോല്പന്നങ്ങളുടെ മൂല്യവർദ്ധനയെക്കുറിച്ചുള്ള അറിവും പ്രോത്സാഹനവും ഏകജാലക സംവിധാനത്തിലൂടെ ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെയാണ്

VAIGA സംഘടിപ്പിച്ചത്. ഈ പ്രോഗ്രാമിൽ ദേശീയ തലത്തിൽ Indonasia, Thailand, Sreelanka, Singapore തുടങ്ങിയ വിദേശ രാജ്യങ്ങളിൽ നിന്നുള്ള വിദഗ്ധർ നാളികേര കൃഷിയെക്കുറിച്ചും അതിന്റെ മൂല്യവർദ്ധിത ഉല്പന്നങ്ങളെ സംബന്ധിച്ചും ക്ലാസുകൾ എടുക്കുകയും, ദേശീയ അന്തർദേശീയ ഉൽപന്നങ്ങളുടെ പ്രദർശന സ്റ്റാളുകൾ സംഘടിപ്പിക്കുകയും കൂടാതെ അന്തർദേശീയ പ്രാധാന്യമുള്ള Terapack, Thaipure, Marico International തുടങ്ങിയ സ്ഥാപനങ്ങൾ പങ്കെടുക്കുകയും ചെറുകിട സംരംഭകർക്കുള്ള വ്യവസായ സംരംഭങ്ങളെപ്പറ്റി ക്ലാസുകൾ നൽകുകയും ചെയ്തു.

| | |
|---|---|
| ഇ) കാർഷികോല്പന്നങ്ങളിൽ നിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉണ്ടാക്കുന്നതിനുള്ള അഗ്രോ പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണ്? | ഇ) കാർഷികോല്പന്നങ്ങളിൽ നിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിന് 5 അഗ്രോ പാർക്കുകളാണ് ആദ്യ ഘട്ടമെന്ന നിലയിൽ ആരംഭിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളത്. ഇതിൽ കോക്കനട്ട് അഗ്രോപാർക്ക് കോഴിക്കോട് കൂത്താളി ഫാമിലും, മലപ്പുറം ജില്ലയിൽ മുണ്ടേരി സീഡ് ഗാർഡൻ കോംപ്ലക്സിലും, ബനാന ഹണി അഗ്രോപാർക്ക് തൃശ്ശൂർ ജില്ലയിലെ കണ്ണാറ ഫാമിലും, മാംഗോ അഗ്രോപാർക്ക് പാലക്കാട് ജില്ലയിലെ മുതലമട ഫാമിലും, വെജിറ്റബിൾ അഗ്രോപാർക്ക് ഇടുക്കി ജില്ലയിലെ വട്ടവടയിലുള്ള പഴത്തോട്ടത്തിലുമാണ്. അഗ്രോപാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ നേതൃത്വത്തിലാണ് നടന്നുവരുന്നത്. ഇതു സംബന്ധിച്ച സാദ്ധ്യതാ പഠനം നടത്തുന്നതിന് NABCON- നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കുന്നതിന് കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കണ്ണാറ അഗ്രോപാർക്കിന്റെ DPR തയ്യാർ ആക്കി KIIFB വഴി 100 കോടി രൂപയുടെ ഫണ്ട് ലഭ്യമാക്കുന്നതിന് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. |

M [signature]

**സെക്ഷൻ ഓഫീസർ**